# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 24

# വാർത്താക്കുറിപ്പ്

---

## ബി.എഡ്.; സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് ട്രെയിനിംഗ് കോളേജുകളിലെ (ന്യൂനപക്ഷ സമുദായ കോളേജുകൾ ഒഴികെ) ബി.എഡ്. പ്രോഗ്രാമുകളിലേക്ക് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗക്കാർക്ക് (ഇ.ഡബ്ല്യ.എസ്.) പ്രവേശനത്തിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സീറ്റുകളിൽ 10 ശതമാനം വർധന വരുത്തിയിട്ടുണ്ട്.

ഇ.ഡബ്ല്യ.എസ്. വിഭാഗത്തിൽ വരുന്നവർക്ക് ഓഗസ്റ്റ് 30ന് രാവിലെ 11നകം കോളേജുകളിൽ അപേക്ഷ നൽകാം. റാങ്ക് പട്ടിക അന്നേദിവസം ഉച്ചകഴിഞ്ഞ് രണ്ടിന് പ്രസിദ്ധീകരിക്കും. മെരിറ്റ് അടിസ്ഥാനത്തിൽ ഓഗസ്റ്റ് 31നകം പ്രവേശന നടപടികൾ പൂർത്തീകരിക്കണം. അപേക്ഷകർ സംവരണത്തിനായി തഹസിൽദാരിൽ കുറയാത്ത അധികൃതരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് അപേക്ഷയ്ക്കൊപ്പം ഹാജരാക്കണം. ബി.എഡ്. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് പ്രകാരമാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷകർ 2019 ജൂൺ 20ന് യോഗ്യത നേടിയവരായിരിക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1581/2019)

## എം.എഡ്.; സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് ട്രെയിനിംഗ് കോളേജുകളിലെ (ന്യൂനപക്ഷ സമുദായ കോളേജുകൾ ഒഴികെ) എം.എഡ്. പ്രോഗ്രാമുകളിലേക്ക് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗക്കാർക്ക് (ഇ.ഡബ്ല്യ.എസ്.) പ്രവേശനത്തിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സീറ്റുകളിൽ 10 ശതമാനം വർധന വരുത്തിയിട്ടുണ്ട്.

ഇ.ഡബ്ല്യ.എസ്. വിഭാഗത്തിൽ വരുന്നവർക്ക് ഓഗസ്റ്റ് 30ന് രാവിലെ 11നകം കോളേജുകളിൽ അപേക്ഷ നൽകാം. റാങ്ക് പട്ടിക അന്നേദിവസം ഉച്ചകഴിഞ്ഞ് രണ്ടിന് പ്രസിദ്ധീകരിക്കും. മെരിറ്റ് അടിസ്ഥാനത്തിൽ ഓഗസ്റ്റ് 31നകം പ്രവേശന നടപടികൾ പൂർത്തീകരിക്കണം. അപേക്ഷകർ സംവരണത്തിനായി തഹസിൽദാരിൽ കുറയാത്ത അധികൃതരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് അപേക്ഷയ്ക്കൊപ്പം ഹാജരാക്കണം. എം.എഡ്. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് പ്രകാരമാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷകർ 2019 ജൂൺ ആറിന് യോഗ്യത നേടിയവരായിരിക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1582/2019)

## പരീക്ഷ തീയതി

ബി.എ. (2017 അഡ്മിഷൻ റഗുലർ-സി.ബി.സി.എസ്.-പ്രൈവറ്റ് രജിസ്ട്രേഷൻ) മൂന്നാം സെമസ്റ്റർ പരീക്ഷയുടെ സംസ്കൃതം: പോയട്രി, റെറ്ററിക്സ് ആന്റ് ബേസിക്സ് ഓഫ് ഗ്രാമർ (കോംപ്ലിമെന്ററി) പേപ്പറിന്റെ പരീക്ഷ സെപ്തംബർ 27നും നാലാം സെമസ്റ്റർ പരീക്ഷയുടെ സംസ്കൃതം: പ്രോസ്, വൃത്ത,

അലങ്കാര, തിയറീസ് ഓഫ് പോയറ്റിക്സ് ആന്റ് ഗ്രാമർ എന്ന പേപ്പറിന്റെ പരീക്ഷ സെപ്റ്റംബർ ആറിനും നടക്കും.

(പി.ആർ.ഒ./39/1583/2019)

## എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് ആക്ഷൻ; അപേക്ഷ ക്ഷണിച്ചു

റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ പുതുതായി ആരംഭിക്കുന്ന 'എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് ആക്ഷൻ' എന്ന പി.ജി. പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. ആകെ 20 സീറ്റാണുള്ളത്. ആർട്സ്, സയൻസ് ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1584/2019)

## എൻ.എസ്.എസ്. ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് ഓഗസ്റ്റ് 30 മുതൽ മണർകാട് സെന്റ് മേരീസ് കോളേജിൽ

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീം വോളണ്ടിയർ സെക്രട്ടറിമാർക്കുള്ള ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ ഒന്ന് വരെ മണർകാട് സെന്റ് മേരീസ് കോളേജിൽ നടക്കും. ഓഗസ്റ്റ് 30ന് വൈകീട്ട് 4.30ന് സർവകലാശാല പ്രോ വൈസ് ചാൻസലർ പ്രൊഫ. സി. റ്റി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും. സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷത വഹിക്കും.

സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. പി.കെ. പത്മകുമാർ, ഡോ. അജി സി. പണിക്കർ, കോളേജ് മാനേജർ ഫാ. കുര്യാക്കോസ് കാലായിൽ, പ്രിൻസിപ്പൽ ഡോ. പുന്നൻ കുര്യൻ, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, പ്രോഗ്രാം ഓഫീസർ പ്രൊഫ. സി.ജി. മഞ്ജുഷ എന്നിവർ പങ്കെടുക്കും. ഡോ. കെ. സാബുക്കുട്ടൻ, ജി. ശ്രീകുമാർ, ഡോ. എം.സി. ദിലീപ്കുമാർ, ഡോ. എം.എസ്. സുനിൽ, ജി.പി. സജിത് ബാബു, ഡോ. സി. അനിത ശങ്കർ, പ്രൊഫ. ജോയി ജോസഫ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുക്കും. ഡോ. ടോംസ് എബ്രഹാം യോഗ ക്ലാസെടുക്കും. സെപ്റ്റംബർ ഒന്നിന് രാവിലെ 11ന് സമാപന സമ്മേളനവും ഉദ്ഘാടനവും സർട്ടിഫിക്കറ്റ് വിതരണവും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കും.

(പി.ആർ.ഒ./39/1585/2019)

## പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളൊരുക്കി എം.ജി.യിൽ യുവ ഗവേഷകരുടെ സ്റ്റാർട്ടപ്പ്

പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ യുവ ഗവേഷകർ ആരംഭിച്ച എക്കോ ലൗവിംഗ് അഡ്വാൻസ്മെന്റ് (ഇല) സ്റ്റാർട്ടപ്പ് സംരംഭത്തിന് തുടക്കം. സർവകലാശാല ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന്റെ സഹായത്തോടെയാണ് സ്റ്റാർട്ടപ്പ് സംരംഭം ആരംഭിച്ചത്.

സ്റ്റാർട്ടപ്പിന്റെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ.ടി. ജലീൽ നിർവഹിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ എന്നിവർ പ്രസംഗിച്ചു. സമ്മേളനങ്ങൾ, സെമിനാറുകൾ എന്നിവയ്ക്കാവശ്യമായ പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ നിർമിച്ചു നൽകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 'ഒരു വീടിന് ഒരു തുണിസഞ്ചി' എന്ന പദ്ധതി നടപ്പാക്കുക, ഹരിത നിയമാവലിയുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യം.

പരിസ്ഥിതി ശാസ്ത്ര വിഭാഗം ഗവേഷകരായ ബാല്യ ബാലചന്ദ്രൻ, അരുൺ ശശി, അബ്ദുൾ ഷുക്കൂർ, ഗോപീകൃഷ്ണ, അസ്വിൻ രാജൻ വർഗീസ്, അതിരമ്പുഴ പഞ്ചായത്തംഗവും മുൻ സെനറ്റംഗവുമായ ഷബീർ ഷാജഹാൻ എന്നിവരാണ് ഇലയുടെ സംരംഭകർ.

# <u>ഫോട്ടോ ക്യാപ്ഷൻ</u>

**പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാല ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന്റെ സഹായത്തോടെ യുവ ഗവേഷകർ ആരംഭിച്ച 'ഇല' സ്റ്റാർട്ടപ്പ് സംരംഭം പുറത്തിറക്കിയ പരിസ്ഥിതി സൗഹൃദ ബാഗിന്റെ വിപണനോദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ നിർവഹിക്കുന്നു**

(പി.ആർ.ഒ./39/1586/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ